ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടറുടെ നടപടി ഉത്തരവ്
തിരുവനന്തപുരം-14.

വിഷയം- ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്- ജീവനക്കാര്യം- സ്റ്റാഫ് നഴ്സ് തസ്തിക പുന:ക്രമീകരിച്ച് ഉത്തരവാകുന്നു.

പരാമർശം- 1) 29-4-2014 ലെ സർക്കാർ കത്ത് നമ്പർ 28393/F2/2012/LBR
2) 12-6-2014 ലെ E5-20119/2010/DIMS നമ്പർ ഉത്തരവ്.
3) GO(Rt)No. 940/2014/LBR dated 19-7-2014.

ഉത്തരവ് നം. ഇ5-20119 /2010/ഡി.ഐ.എം.എസ്. തീയതി 12-06-2017.

എറണാകുളം ജില്ലയിലേക്ക് പബ്ളിക് സർവ്വീസ് കമ്മീഷൻ നിയമന ശുപാർശ നല്കിയ സ്റ്റാഫ് നഴ്സിന് നിയമനം നൽകാൻ വേണ്ട ഒഴിവ് ജില്ലയിൽ നിലവിലില്ലാതിരുന്ന സാഹചര്യത്തിൽ ഒഴിവുള്ള ജില്ലയിൽ നിന്നും ഒരു തസ്തിക താൽക്കാലികമായി എറണാകുളം ജില്ലയിലേക്ക് ഷിഫ്റ്റ് ചെയ്ത് നിയമനം നൽകണമെന്നും ഒഴിവ് വരുന്ന മുറയ്ക്ക് പ്രസ്തുത തസ്തിക അതാത് ജില്ലയിൽ പുന:സ്ഥാപിക്കണമെന്നും പരാമർശം (1) പ്രകാരം സർക്കാർ അറിയിച്ചിരുന്നു. തുടർന്ന് ഒളരിക്കര ഇ.എസ്.ഐ. ആശുപത്രിയിൽ നിന്നും ഒരു സ്റ്റാഫ് നഴ്സ് തസ്തിക എറണാകുളം ഇ.എസ്.ഐ. ആശുപത്രിയിലേക്ക് പരാമർശം (2) പ്രകാരം ഷിഫ്റ്റ് ചെയ്യുകയും പ്രസ്തുത തസ്തികയിൽ പബ്ളിക സർവ്വീസ് കമ്മിഷൻ മുഖാന്തിരം നിയമിതയായ ശ്രീമതി. ജയശ്രീ.റ്റി ക്ക് നിയമനം നൽകുകയും ചെയ്തിരുന്നു. എന്നാൽ ഇപ്പോൾ എറണാകുളം ഇ.എസ്.ഐ. ആശുപത്രിയിൽ സ്റ്റാഫ് നഴ്സ് ന്റെ തസ്തികയിൽ ഒഴിവ് വന്നിരിക്കുന്നു. മേൽ സാഹചര്യത്തിൽ എറണാകുളം ഇ.എസ്.ഐ. ആശുപത്രിയിലേക്ക് ഷിഫ്റ്റ് ചെയ്ത സ്റ്റാഫ് നഴ്സ് ന്റെ തസ്തിക തിരികെ ഒളരിക്കര ഇ.എസ്.ഐ ആശുപത്രിയിൽ പുന:സ്ഥാപിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ഒപ്പ്,
ഡോ.അജിത നായർ.ആർ
ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ

സ്വീകർത്താവ്

1) സൂപ്രണ്ട്, ഇ.എസ്.ഐ. ആശുപത്രി, ഒളരിക്കര.
2) സൂപ്രണ്ട്, ഇ.എസ്.ഐ. ആശുപത്രി, എറണാകുളം.

പകർപ്പ് 1) റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ,മദ്ധ്യ മേഖല, എറണാകുളം.
2) ബി2 സെക്ഷൻ / ബി സെക്ഷൻ സൂപ്രണ്ട്.
3) ഫയൽ / സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്.

എസ്.എസ്/

71